# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നൊച്ചാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)**

നം.കെ.എസ്.എ/കെ.കെ.ഡി/പി8/2642/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20
ഫോൺ. 0495-2371012
E-mail: dokkd.ksad@kerala.gov.in

തീയ്യതി :12.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നൊച്ചാട് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടിഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി8/2642/2018 തീയതി 12.12.2018

**കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.08.2017 മുതൽ 31.3.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ, ഉദ്യോഗപ്പേര് | ശ്രീ സതീഷ് മാവേലിപുത്തൻ വീട്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2018 മുതൽ 21.11.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബാലസുബ്രഹ്മണ്യൻ.എ.കെ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സതീഷ് കുമാർ.സി.പി | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | ശ്രീ.രാജീവ്.എൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. അഖില.വി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.കെ.ടി.ബാലകൃഷ്ണൻ | 01.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ.കെ.എം.രാധാകൃഷ്ണൻ | 01.04.17 മുതൽ 31.07.2017 വരെ |
| | ശ്രീ.സുമേഷ്.കെ | 07.8.2017 മുതൽ 13.11.2017 വരെ |
| | ശ്രീ.നാരായണൻ.പി | 14.11.17 മുതൽ 31.03.2018 വരെ |
| | നിർവ്വഹണ ഉദ്യോഗസ്ഥർ | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.മനോജ് .പി.ആർ. | 01.04.2017 മുതൽ 6.11.2017 വരെ |
| | ശ്രീ.സ്വരൂപ്.പി.എസ്. | 07.11.2017 മുതൽ 31.3.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.റസീന മന്നത്ത്. | 01.04.2017 മുതൽ 4.7.2017 വരെ |
| | ഡോ.വിജിത.സി. | 05.07.2017 മുതൽ 31.3.18 വരെ |
| മെഡി.ഓഫീസർ(പി.എച്ച്.സി) | ഡോ.സൂരജ് .കെ.രാജ്. | 01.04.17 മുതൽ 31.03.18 വരെ |
| മെഡി.ഓഫീസർ ആയുർവ്വേദം | ഡോ.ടി.കെ.മുഹമ്മദ്. | 01.04.17 മുതൽ 20.10.17 വരെ |
| | ഡോ.പി.കെ.സോമൻ | 20.10.2017 മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഉദയഭാനു.എം.പി. | 01.04.17 മുതൽ 17.05.17വരെ |
| | ശ്രീമതി.ഗിരിജ.വി.കെ. | 21.05.17 മുതൽ 31.3.18 വരെ |
| ഹെഡ് മാസ്റ്റർ | ശശിധരൻ.വി. | 01.04.17 മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ലീന.ടി.കെ. | 01.04.17 മുതൽ 10.12.17 വരെ |
| | ശ്രീമതി.ഷിജിന.എ | 11.12.17 മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.അജിത് കുമാർ | 01.04.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.തങ്കം.എം | 01.04.17 മുതൽ 30.07.17 വരെ |
| | ശ്രീമതി.വത്സല.പി.കെ | 01.08.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ | ശ്രീ.ബിനോയ് ബാലകൃഷ്ണൻ. | 01.04.17 മുതൽ 31.03.18 വരെ |
| | ശ്രീ.ജംഷീർ.ഇ | 6.12.17 മുതൽ 31.03.18 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | കാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച് |
| 12 | 2-2 | വസ്തുനികുതി നിർണ്ണയം- ഇളവുകളും വർദ്ധനവും -അപാകതകൾ |
| ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | ടെണ്ടറിൽ പങ്കെടുക്കാത്ത വ്യക്തിക്ക് കരാർ അനുവദിച്ചു |
| 17 | 3-2 | വെട്ടിത്തിരുത്തിയ നിരക്കുള്ള ടെണ്ടർ സ്വീകരിക്കുന്നു |
| 18 | 3-3 | കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല |

| | | |
|---|---|---|
| 19 | 3-4 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കൂലിചെലവ് അനുവദിച്ചു |
| 20 | 3-5 | ഗുണഭോക്താക്കൾക്ക് തുക ലഭിച്ചെന്ന് ഉറപ്പുവരുത്തിയില്ല |
| 21 | 3-6 | ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായവർ ഒഴിവാക്കപ്പെടുന്നു |
| 22 | 3-7 | ജാഗ്രതാ സമിതികളുടെ സംഘാടനത്തിൽ വീഴ്ച |
| 23 | 3-8 | ഗുണഭോക്തൃ വിഹിതം കൈപ്പറ്റിയതായി രേഖകളില്ല |
| 24 | 3-9 | ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല |
| 25 | 3-10 | വാങ്ങൽ നടപടിക്രമങ്ങളിലെ അപാകം |
| 26 | 3-11 | പ്രത്യേക ആവശ്യങ്ങൾക്ക് കിട്ടിയ ഗ്രാന്റുകൾ ഉപയോഗപ്പെടുത്താതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു. |
| 27 | 3-12 | കുടുംബശ്രീ - അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 28 | 3-13 | അനർഹർക്ക് വിവാഹ ധനസഹായം |
| 29 | 3-14 | എസ്.എസ്.എ പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്തിന് പങ്കാളിത്തം ഇല്ല |
| 30 | 3-15 | മുഴുവൻ മരുന്നും ലഭ്യമായില്ല |
| 31 | 3-16 | മുൻകൂറുകൾ ക്രമീകരിക്കാത്തത് |
| 32 | 3-17 | പ്ലാസ്റ്റിക് - ഖരമാലിന്യ നിർമ്മാർജനപദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 37 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-2 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 40 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |

| | | |
|---|---|---|
| 41 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 42 | 4-6 | ഓഡിറ്റ് റിക്കവറി |
| 43 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 44 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 45 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 46 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 47 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 27.03.17ലെ 60/17 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 19.03.2018 ലെ 10(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.18 | 23.05.18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.6.18 – 23.6.18 | കെഎസ്.എ.കെ.കെ.ഡി ഇ2/1111/18(8) |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6005258.27 |
| വരവ് | 63531499.00 |
| ആകെ | 69536757.27 |
| ചെലവ് | 64964601.00 |
| നീക്കിയിരിപ്പ് | 4572156.27 |

29.03.18 ൽ സർക്കാർ റിഡംപ്ഷൻ നടത്തിയ 3122906 രൂപയിൽ 3029406 രൂപ മാത്രമേ തിരികെ ലഭിച്ചുള്ളൂ. ബാക്കി തുക 93500 രൂപ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഫണ്ടുകൾ വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച് ഭാഗം 2 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 14446000 | 14446000 | 13385870 | 1060130 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 5000944 | 5000944 | 4217447 | 783497 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 11922000 | 11922000 | 11365886 | 556114 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 3398000 | 3398000 | 2622964 | 775036 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 6682570 | 6682570 | 6681118 | 1452 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | 2044907 | 2044907 | 2044907 | 0 |
| സാക്ഷരത | | 2093 | 84 | 2177 | 0 | 2177 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 54200561 | 54200561 | 54200561 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 368552 | 1859395 | 2227947 | 2018171 | 209776 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| പൂരക പോഷകാഹാരം | | 496571 | 951218 | 1447789 | 820506 | 627283 |
| mplad | | 13570 | 480779 | 494349 | 453475 | 40874 |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ബീവറേജസ് കോർപ്പറേഷൻ–wss ധനസഹായം | | | 500000 | 500000 | | 500000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 32880 | 952000 | 984880 | 952000 | 32880 |
| | ജില്ലാ പഞ്ചായത്ത് | 800000 | 1475000 | 2275000 | 387500 | 1887500 |
| ബി ഫണ്ട് | | | 49291060 | 49291060 | 49291060 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 9262093 | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1651640145257 | 53393333002 | 6990973148259 | 49880450 | 2002928148259 |
| | ട്രഷറി അക്കൗണ്ട് | 1751841 | 11430109 | 13181950 | 12785267 | 396683 |
| മറ്റിനം | | | | | | |
| SBT e-payment | | 5748 | 9521 | 15269 | 3281 | 11988 |

ജനറൽ പർപ്പസ് ഗ്രാന്റ്, തനത് ഫണ്ട് എന്നിവയ്ക്ക് എ. സി. ആർ. എഴുതി സൂക്ഷിക്കാത്തതിനാൽ അവയുടെ കണക്കിന്റെ കൃത്യത പരിശോധിക്കാനായില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 67020504 | 109 | 46091287 | 14 | 30 | 71.24% |

67020504 രൂപ വകയിരുത്തി 153 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 109 പ്രൊജക്ടുകളാണ് നടപ്പാക്കാൻ ശ്രമിച്ചത് ഗുണഭോക്തൃവിഹിതമടക്കം 46091287 രൂപ ചെലവഴിച്ചു. ഇതിൽ തന്നെ 14 പ്രൊജക്ടുകൾക്ക് ഭാഗികമായി മാത്രമാണ് തുക ചെലവഴിച്ചത്. ആകെ വകയിരുത്തിയ തുകയുടെ 68.77% തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ശേഷിക്കുന്ന തുക കൃത്യമായ ആസൂത്രണത്തിന്റെയും മോണിട്ടറിംഗിന്റെയും അഭാവത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക, വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിട്ടും നഷ്ടപ്പെടാൻ കാരണമായത് കാര്യക്ഷമമവും സമയബന്ധിതവുമായ പദ്ധതി പ്രവർത്തനങ്ങളുടെ അഭാവത്തിലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യം പരിശോധിക്കപ്പെടേണ്ടതും വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 368552 | 1859395 | 2227947 | 2018171 | 209776 |
| ഗുണഭോക്താക്കൾക്ക് | | 54200561 | 54200561 | 54200561 | |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| | | | | | |

ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ വരവ് ചെലവായി കാണിച്ചത് 56163732 രൂപയാണ്. ഭരണ ചെലവായി 1963171/- രൂപയും കൂലി 47223230/- രൂപയും സാധന വില 6977331/- രൂപയും ഉൾപ്പെട്ടതാണ് ഈ തുക. യഥാർത്ഥ ഭരണ ചെലവ് 2018171 രൂപയാണ്. എഞ്ചിനീയറുടെ ശമ്പളം 25000 രൂപ തെറ്റായ അക്കൗണ്ടിൽ പോയി തിരിച്ച വന്നതും 100 ദിവസം തൊഴിൽ ചെയ്തവർക്ക് ബോണസ് നൽകാൻ സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച 55000 രൂപയും ഉൾപ്പെടുത്താത്തതിനാലാണ് മേൽ വ്യത്യാസം ഉണ്ടായത്.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 152160 | 317 |
| കർഷകതൊഴിലാളി പെൻഷൻ | 11657400 | 960 |
| വിധവാപെൻഷൻ | 11967700 | 986 |
| വാർദ്ധക്യകാലപെൻഷൻ | 20253800 | 1578 |
| വികലാംഗപെൻഷൻ | 4717100 | 383 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 542900 | 40 |

*(ക്ഷേമ പദ്ധതികളുടെ ഗുണഭോക്തൃതെരഞ്ഞെടുപ്പ്, ഫണ്ട് വിനിയോഗം തുടങ്ങിയവ സംബന്ധിച്ച ഗൗരവമുള്ള പരാമർശങ്ങൾ ഭാഗം 3-ൽ ഉൾപ്പെടുത്തുക)*

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.2018. ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കാഷ് നീക്കിയിരിപ്പില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

(1)പ്രോക്യൂർമെന്റ് ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ഒരു വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടി നിർണയിച്ച് പ്രോക്യൂർമെന്റ് പ്ലാൻ പ്രോക്യൂർമെന്റ് ബഡ്ജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത വാങ്ങൽ രീതികൾ അവലംബിക്കുന്ന രീതിയാണുള്ളത്. പല വാങ്ങലുകളും പ്രോക്യൂർമെന്റ് കമ്മറ്റി വിലയിരുത്തുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്യുന്നില്ല.

(2)സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങുന്ന ഇനങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തി വീണ്ടും അതേയിനം വാങ്ങുമ്പോൾ കൂട്ടിച്ചേർത്ത് കൃത്യമായി എണ്ണം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഫർണിച്ചറുകൾ കമ്പ്യൂട്ടറുകൾ പോലുള്ള ആസ്തികൾ വാർഷിക കണക്കെടുപ്പ് നടത്താത്തിനാൽ നിലവിലുള്ള ആസ്തി വിവരം ലഭ്യമല്ല.

(3)നിഷ്ക്രിയമായതും പഴകി ഉപയോഗശൂന്യമായതുമായി ആസ്തികൾ കണ്ടുപിടിക്കുന്നതിനും ആയവ യഥാവിധി ഡിസ്പോസ് ചെയ്യുന്നതിനും നടപടികളെടുത്തിട്ടില്ല. ആസ്തികൾ നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമല്ല. സ്റ്റാന്റിംഗ് കമ്മറ്റികളിൽ ആയത് ചർച്ച ചെയ്തതായും കാണുന്നില്ല.

(4) മൂവബിൾ ഇമ്മൂവബിൾ ആസ്തികൾക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

(5) പൗരാവകാശ രേഖ പുതുക്കിയിട്ടില്ല

(6)ജീവനക്കാർക്ക് ഓരോ സെക്ഷനിലും ചെയ്യേണ്ട ജോലി നിശ്ചയിച്ച് ഓഫീസ് ഉത്തരവ് നൽകി കാണുന്നില്ല.
(7) ഹാജർ പുസ്തകം സൂക്ഷിക്കുന്നതിലും ഹാജർ നിരീക്ഷിക്കുന്നതിലും അപാകതകളുണ്ട്.

മേൽക്കാര്യങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ച വിവരം അറിയിക്കേണ്ടതാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.10.2018 മുതൽ 23.10.2018വരെ | 1.10.2018 മുതൽ 31.10.2018വരെ | Nhd-05/2018/PAU04 23.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.09.2006 മുതൽ 07.10.2006വരെ | 1997-98 മുതൽ 2005-06 വരെ | എൽ.ബി.എ(എച്ച്.ക്യു)3/8എ-1045/769 dt.10.11.2006 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെച്ചേർത്തിരിക്കുന്ന മുഴുവനും പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
2. ടെണ്ടർ ഫോറം വില്പന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. എം.പി.എൽ.എ.ഡി.ഫണ്ട് ആയി വരവ് വന്ന 480779 രൂപ അദർ സെൻട്രൽ ഗവൺമെന്റ് ഗ്രാന്റ് (320100204)ഹെഡിലാണ് വരവ് കാണിച്ചിരിക്കുന്നത്.
4. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പൂർണ്ണമല്ല.
5. ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.
   പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

കേരളോൽസവം നടത്തിപ്പിനായി ലഭിച്ച തുക ബാലൻസായി കാണിച്ചു. (തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ഫണ്ട് ലഭ്യമായിട്ടും ക്രമീകരിച്ചിട്ടില്ല).
എൻ.ആർ.ഇ.ജി.എസ്. ആകെ ചെലവിൽ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഭരണ ചെലവുകൾ കൂടി

ഉൾപ്പെട്ട തുകയാണെങ്കിലും ആയതിൽ 100 ദിവസം ജോലി ചെയ്തവർക്കുള്ള കൂലി 55000 രൂപയും തിരികെ വന്ന ചെക്ക് തുക 25000 രൂപയും ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച്

1) വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

പഞ്ചായത്തിലെ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലേറെ പേർ ജോലിചെയ്യുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തി കണ്ടു. എന്നാൽ ഈ സ്ഥാപനങ്ങൾ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. സ്ഥാപനത്തിലെ വ്യാപാരിയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമനമ്പർ | ഡി ആന്റ് ഒ ലൈസൻസ് അപേക്ഷാ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | വാർഡ്,കെട്ടിടനമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 219 | അസീബ്.പി കെ, പാറക്കണ്ടി<br>പി.കെ.ടൈൽ വേൾഡ് | 4/76A | 4 |
| 2 | 234 | വിപിൻ.പി, വിപഞ്ചിക<br>വെയർ ഓൺ മോട്ടോർസ് | 6/155 | 5 |
| 3 | 242 | സരിത്ത്. എസ്.ബി, വിക്ടറി ടൈൽസ് ആന്റ് സാനിറ്ററി ഗോഡൗൺ | 12/358A,B,C,D,E | 4 |
| 4 | 130 | അശോകൻ, പാറച്ചാലിൽ<br>ഹോട്ടൽ , കൂൾബാർ | 12/358 I, J,K | 7 |
| 5 | 148 | വിനോദൻ. എം.എം, മഠത്തിൽമീത്തൽ<br>അമൃത ഇന്റർലോക്ക് ബ്രിക്സ് | 3/22 | 6 |

| | | | | |
|---|---|---|---|---|
| 6 | 177 | സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി | 11/371 | 20 ൽ താഴെ |
| 7 | 187 | റീജ, കല്ലുകണ്ടി സ്നേഹ ഫുഡ് പ്രൊഡക്ട്സ് | 7/383 A | 9 |
| 8 | 2 | അബ്ദുൾ സലാം, നെല്ല്യോട്ട്മീത്തൽ ബർക്ക ബ്രിക്സ് | 2/305 A | 5 |
| 9 | 23 | മഞ്ജുള. ടി.കെ, തെക്കേലത്ത് സമത കൈതക്കൽ കുടുംബശ്രീ | 6/98 | 4 |
| 10 | 63 | ആരിഫ്.എം.കെ, മുച്ചിലോട്ടുകണ്ടി, നൊച്ചാട് വുഡ് ഇൻഡസ്ട്രി | 9/458 | 4 |
| 11 | 73 | അഷറഫ്.പി.കെ, ചീക്കോത്തക്കണ്ടി, തുർക്കിഷ് റസ്റ്റോറന്റ് | 12/616,617, 618 | 4 |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തതിന് മറുപടി നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/17-18) മറുപടി നൽകിയിട്ടില്ല. ട്രേഡേഴ്സിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽനികുതിയല്ല ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും ,തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി അർദ്ധ വാർഷിക വരുമാനത്തിനനുസരിച്ചുള്ള നികുതിയാണ് ഡിമാന്റ് ചെയ്യേണ്ടത്. ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കുന്നതോടൊപ്പം നിശ്ചിത തുക തൊഴിൽനികുതി ഈടാക്കാവുന്നതാണ് എന്ന ഓഫീസ് കുറിപ്പിനനുസരിച്ച് നികുതി ഈടാക്കുന്ന രീതിയാണ് അനുവർത്തിച്ചുവരുന്നത്. 1,2 അർദ്ധവർഷങ്ങളിലേയ്ക്ക് ഒറ്റതവണയായാണ് നികുതി ഈടാക്കുന്നത്. ഇത് ചട്ടപ്രകാരമല്ല. വ്യക്തികൾ/ വ്യാപാരികൾ എന്നിവർക്ക് തൊഴിൽനികുതി ഈടാക്കാവുന്ന വരുമാനം /ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കാൻ നോട്ടീസ് നൽകിയതായും കാണുന്നില്ല. റിട്ടേൺ സമർപ്പിക്കാത്ത പക്ഷം നികുതി നിരക്ക് കണക്കാക്കിയതിന് സ്വീകരിച്ച മാനദണ്ഡവും വ്യക്തമല്ല. സെക്രട്ടറി 1ാം നമ്പർ ഫോറത്തിൽ തൊഴിലുടമയോടോ നികുതിദായകനോടോ വരുമാന വിവരങ്ങൾ 11ാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ 1ാം നമ്പർ ഫോറത്തിൽ സെക്രട്ടറി ആവശ്യപ്പെടേണ്ടതും അത്തരത്തിൽ ലഭ്യമാക്കിയ വരുമാനത്തിൻമേൽ IVാം നമ്പർ ഫോറത്തില് നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

മേൽ സ്ഥാപനങ്ങളെ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി തൊഴിൽനികുതി പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

2) പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ/ ഓഫീസ്/ വ്യവസായ കെട്ടിടങ്ങളുടെ എണ്ണവും ഡി ആന്റ് ഒ,

തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിലുള്ള അന്തരം

സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന കെട്ടിടങ്ങൾ വാണിജ്യ/ ഓഫീസ്/ വ്യവസായ കെട്ടിടങ്ങളായി ഉപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമനമ്പർ | തരം | എണ്ണം |
|---|---|---|
| 1 | 100 ച.മീ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 1400 |
| 2 | 100 ച.മീ മുകളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 84 |
| 3 | 200 ച.മീ മുകളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 4 |
| 4 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 97 |
| 5 | ഓഫീസ് ആവശ്യത്തിനുള്ളവ | 25 |
| 6 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി, കയർപിരി ഷെഡ് | 19 |
| 7 | ഇതരവ്യവസായത്തിനുള്ളവ | 30 |
| ആകെ | | 1659 |

സഞ്ചയ സോഫ്റ്റ്വേർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1659 ( വാണിജ്യ/ വ്യാവസായിക/ ഓഫീസ് ) കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടും ഡി ആന്റ് ഒ/ തൊഴിൽ നികുതി (ട്രേഡേഴ്സ്) പരിധിയിൽ 299 സ്ഥാപനങ്ങൾ മാത്രമാണ് ഓഡിറ്റ് വർഷം ഉൾപ്പെട്ടിട്ടുള്ളതെന്ന വിവരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 (1) പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ വകുപ്പ് 204 (1) പ്രകാരം തൊഴിൽനികുതി ചട്ടങ്ങൾക്ക് വിധേയമായി നികുതി ചുമത്തേണ്ടതാണെന്ന് നിർവചിച്ചിട്ടുണ്ട്. 2017-18 വർഷമുൾപ്പെടെ വാണിജ്യ/ വ്യാവസായിക/ ഓഫീസ് ആവശ്യത്തിന് കെട്ടിടനമ്പറുകൾ അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിൽ പഞ്ചായത്തിന്റെ അനുമതി കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ചതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/17-18) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതുവരെ 1659 വാണിജ്യ/വ്യാവസായിക/ഓഫീസ് സ്ഥാപനങ്ങൾക്ക് നമ്പറുകൾ നൽകിയിട്ടുണ്ട്. മേൽ പഞ്ചായത്തിന്റെ അനുമതി കൂടാതെ 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളവയയ്ക്കും സർക്കാരിന്റെ അഭിപ്രായത്തിൽ മനുഷ്യനോ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹത്യയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്ന ഉറപ്പുവരുത്തുന്നതിനായി ഫീൽഡ് പരിശോധന നടത്തിയതിനുള്ള രേഖകളും

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ അത്തരത്തിൽ ഉപയോഗിക്കുന്ന സാഹചര്യത്തിൽ മേൽ സ്ഥാപനങ്ങൾ തൊഴിൽനികുതി ഡി ആന്റ് ഒ ലൈസൻസ് എന്നിവയ്ക്ക് വിധേയമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സമാന സാഹചര്യം ചൂണ്ടികാണിച്ചെങ്കിലും ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ അനുമതി കൂടാതെ പ്രവർത്തിക്കുന്നത് നിയമലംഘനവും പഞ്ചായത്തിന്റെ റവന്യൂ നഷ്ടത്തിനും ഇടയാക്കുന്നു. ഇക്കാര്യം ഫീൽഡ് പരിശോധന ഉൾപ്പെടെ നടത്തി അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്യുന്ന പക്ഷം തൊഴിൽനികുതി ഡി ആന്റ് ഒ ചട്ടങ്ങൾക്ക് വിധേയമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 വസ്തുനികുതി നിർണ്ണയം- ഇളവുകളും വർദ്ധനവും -അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, എസ്.ആർ.ഒ നമ്പർ 37/2011, എസ്.ആർ.ഒ നമ്പർ 180/2013 തി.15.3.2013 എന്നിവ അടിസ്ഥാനമാക്കിയാണ് അടിസ്ഥാനവസ്തുനികുതിയിൽ ഇളവുകളും വർദ്ധനവും നല്കേണ്ടത്.

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ, അസസ്സ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ 2017-18 വർഷത്തിൽ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ താഴെ പറയുന്ന പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) കെട്ടിടഉടമ – ശ്രീമതി. സൗമ്യ, അച്ചൻകണ്ടിയിൽ വീട്

കെട്ടിടനമ്പർ -4/422 A

തറവിസ്തീർണ്ണം - 36.79 ച.മീ

നികുതി നിർണ്ണയിക്കേണ്ട ഘടകങ്ങൾ - വ്യവസായികാവശ്യം, ദ്വിതീയ മേഖല, 5 മീ. റോഡ്, മേൽക്കൂര ഷീറ്റ്

നികുതി നിരക്ക് -50 ച.മീ ന്

അടിസ്ഥാന വസ്തുനികുതി - 36.79 *50 = 1839.50

വാർഷിക വസ്തുനികുതി (ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം) = 1839.5 -183.95 ( ദ്വിതീയമേഖല 10% ഇളവ്) -183.95 ( മേൽക്കൂര 10% ഇളവ്) +367.9 ( 5 മീ റോഡ് 20% വർദ്ധനവ്)

<u>നിർണ്ണയിച്ച വാർഷിക വസ്തുനികുതി</u>

(ലൈബ്രറി സെസ് ഒഴികെ) -1472 രൂപ [1839.5-183.95( ദ്വിതീയമേഖല 10% ഇളവ്) -183.95 (മേൽക്കൂര 10% ഇളവ്)]

കെട്ടിടത്തിന്റെ സൈറ്റ് പ്ലാനിൽ 8 മീ റോഡിൽ നിന്നുള്ള പ്രവേശനമാർഗ്ഗമാണ് കാണിച്ചിരിക്കുന്നത്. 5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴിയിൽ നിന്നുള്ള പ്രവേശനമാർഗ്ഗത്തിന് 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ സഞ്ചയയിൽ റോഡിന്റെ തരം 1.5 മീ കൂടുതലായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2) കെട്ടിടഉടമ – ശ്രീ. അബ്ദുള്ള , നെല്ലിയുള്ള പറമ്പിൽ

കെട്ടിടനമ്പർ - 16/372 A, 16/372 B

തറവിസ്തീർണ്ണം - 16/372 A -36.535 ച.മീ ,

- 16/372 B -24.715 ച.മീ

നികുതി നിർണ്ണയിക്കേണ്ട ഘടകങ്ങൾ - വാണിജ്യകെട്ടിടം, ദ്വിതീയ മേഖല, 5 മീ. റോഡ്, കോൺക്രീറ്റ് മേൽക്കൂര

നികുതി നിരക്ക് -30 ച.മീ ന്

16/372 A -36.535 ച.മീ

അടിസ്ഥാന വസ്തുനികുതി - 36.535 *30 = 1096.05

വാർഷിക വസ്തുനികുതി (ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം)

= 1206 [1096.05-109.605 (ദ്വിതീയമേഖല 10% (ഇളവ്) +219.21 ( 5 മീ റോഡ് 20% വർദ്ധനവ്)]

= 1205.65 = 1206

നിർണ്ണയിച്ച വാർഷിക വസ്തുനികുതി

(ലൈബ്രറി സെസ് ഒഴികെ) -1097

16/372 B -24.715 ച.മീ

അടിസ്ഥാന വസ്തുനികുതി - 24.715 *30 = 741.45

വാർഷിക വസ്തുനികുതി (ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം)

= 816 [741.45-74.14 (ദ്വിതീയമേഖല 10% (ഇളവ്) +148.29 ( 5 മീ റോഡ് 20% വർദ്ധനവ്)]

=815.59 = 816

നിർണ്ണയിച്ച വാർഷിക വസ്തുനികുതി

(ലൈബ്രറി സെസ് ഒഴികെ) -742

കെട്ടിടത്തിന്റെ സൈറ്റ് പ്ലാനിൽ 6 മീ റോഡിൽ നിന്നുള്ള പ്രവേശനമാർഗ്ഗമാണ് കാണിച്ചിരിക്കുന്നത്. 5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴിയിൽ നിന്നുള്ള പ്രവേശനമാർഗ്ഗത്തിന് 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ സഞ്ചയയിൽ റോഡിന്റെ തരം 1.5 മീ കൂടുതലായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

അപാകതയ്ക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 5/17-18 തി.15.11.2018, 13/17-18 തി.19.11.2018 നൽകിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന വസ്തുനികുതിയിന്മേൽ വർദ്ധനവ്/ ഇളവ് വരുത്തേണ്ട മാനദണ്ഡങ്ങൾ ഓവർസിയറുടെ പരിശോധനറിപ്പോർട്ടും കംപ്ലീഷൻ പ്ലാനും പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല. ആവശ്യമായ രേഖകൾ ഉണ്ടായിരിക്കെ വേണ്ടത്ര പരിശോധനകൂടാതെയാണ് നികുതി നിർണ്ണയിക്കുന്നത്. ആയത് ശരിയായ നടപടിയല്ല. മാനദണ്ഡങ്ങൾ പരിശോധിച്ച് നികുതി കണക്കാക്കി സെക്ഷൻ മേലുദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. മേലുദ്യോഗസ്ഥൻ രേഖകളും നികുതി കണക്കാക്കിയതിൻമേൽ പരിശോധന നടത്തേണ്ടതുമാണ്. അത്തരത്തിൽ നികുതി നിർണ്ണയിച്ചതിനുശേഷം മാത്രം സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തേണ്ടതും ഫോറം 6 പ്രിന്റെടുത്ത് സൂക്ഷിക്കേണ്ടതുമാണ്. വസ്തുനികുതിയിന്മേൽ മാനദണ്ഡങ്ങൾക്കനുസൃതമായി വർദ്ധനവും ഇളവും വരുത്തേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നിർണ്ണയിച്ച ഓരോ കെട്ടിടത്തിനും നികുതി നഷ്ടമുണ്ടാവുന്നില്ലെന്ന് എന്ന് സെക്ഷൻ, മേലുദ്യോഗസ്ഥർ, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ഉറപ്പുവരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും മുൻകാലയളവിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടത്തിൽ നികുതി നഷ്ടം സംഭവിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ അനുവദനീയമായ നിരക്കിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടെണ്ടറിൽ പങ്കെടുക്കാത്ത വ്യക്തിക്ക് കരാർ അനുവദിച്ചു

പ്രവർത്തി :കായൽ മുക്ക് എടവന മീത്തൽ റോഡ്

പ്രൊജക്ട് നമ്പർ :141/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

ബിൽ നമ്പർ,തുക : 11/19-08-2017, 297,552 /-

മേൽ പ്രവർത്തിക്ക് 16-01-2017ൽ സമർപ്പിച്ച ടെണ്ടർ പ്രകാരം ശ്രീ. എൻ.പി.കണാരൻ 0.01% നിരക്കിൽ പ്രവർത്തി ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്.എന്നാൽ ജി.ഒ. (പി)13/2012/പി.ഡബ്ള്യൂ.ഡി തിയ്യതി.01-02-2012നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കേണ്ടതും കരാറുകാരനുമായി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമായിരുന്നു. എന്നാൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചതിനുള്ള യാതൊരു രേഖകളും ലഭ്യമല്ല. എന്നാൽ ഈ പ്രവർത്തി ഗഫൂർ.പി എന്ന കരാറുകാരന് 10-04-2017ലെ നമ്പർ ഇല്ലാത്ത എഗ്രിമെന്റ് പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ ചുമതലപ്പെടുത്തിയതായി കാണുന്നു. മേൽ കരാറുകാരനാകട്ടെ ഈ പ്രവർത്തിയുടെ ടെണ്ടറിൽ പങ്കെടുത്തിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിൽ ഈ അപാകത പരിശോധിക്കപ്പെടുകയുണ്ടായില്ല. ടെണ്ടർ നടപടിക്രമത്തിലെ സുതാര്യതയ്ക്കെതിരായാണ് ടെണ്ടറിൽ പങ്കെടുത്തിട്ടില്ലാത്ത കരാറുകാരന് പ്രവൃത്തി അനുവദിച്ചു നൽകിയത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി പ്രവർത്തി അനുവദിച്ചു നൽകുന്നില്ലെന്നും പ്രവൃത്തി അനുവദിക്കുന്നതിൽ ക്രമക്കേടുകളൊന്നും നടന്നിട്ടില്ലെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

## 3-2 വെട്ടിത്തിരുത്തിയ നിരക്കുള്ള ടെണ്ടർ സ്വീകരിക്കുന്നു

പഞ്ചായത്തിലെ ചില പൊതുമരാമത്ത് പ്രവർത്തികളിൽ കരാറുകാർ സമർപ്പിക്കുന്ന ടെണ്ടർ ഫോമുകളിൽ നിരക്കു ക്വോട്ട് ചെയ്യുന്നതിൽ വെട്ടിത്തിരുത്തലുകൾ വരുത്തുന്നതായി കാണുന്നു.ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | | കരാറുകാരൻ | വെട്ടിത്തിരുത്തിയ നിരക്ക് | വർക്ക് നൽകിയ നിരക്ക് | നഷ്ടം |
|---|---|---|---|---|---|---|
| 1 | മാങ്ങോട്ട താഴെ കാഞ്ഞിരോളി താഴ റോഡ് (117/18) | 50000 | ശ്രീനാഥ്.എം.സി | 13.9% കുറവ് | എസ്റ്റിമേറ്റ് നിരക്ക് | 6950 |
| 2 | വാര്യംകണ്ടി ചേനോളി സ്കൂൾ നടപ്പാത (124/18) | 150000 | പി.ഹരിദാസ്, | 12.9% കുറവ് | എസ്റ്റിമേറ്റ് നിരക്ക് | 19350 |

| | | | | | | |
|---|---|---|---|---|---|---|
| 3 | പുതിയ മഠം കുറുങ്ങോട്ട് താഴ റോഡ് (121/18) | 400000 | മഹേശ്വര കൺസ്ട്രക്ഷൻസ് | 5.4% കുറവ് | എസ്റ്റിമേറ്റ് നിരക്ക് | 21600 |

ജി.ഒ(പി)13/2012/പി.ഡബ്ള്യ.ഡി തിയ്യതി.01-02-2012നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.2പ്രകാരം ടെണ്ടറിലെ നിസ്സാര തെറ്റുകൾ മാപ്പാക്കാൻ സാധിക്കുമെന്ന പറയുന്നു.ഇങ്ങനെ മാപ്പാക്കാവുന്ന 5 നിസ്സാര തെറ്റുകൾ സെക്ഷനിൽ വിശദീകരിക്കുന്നു. എന്നാൽ നിരക്ക് ക്വോട്ട് ചെയ്യതിലുള്ള അപാകത ഇത്തരം നിസ്സാര പിശകുകൾ ഉൾപ്പെടുന്നില്ല.മത്സരാധിഷ്ഠിതമായ ടെണ്ടർ നടപടിയുടെ സുതാര്യത ഇല്ലാതാക്കുന്ന രീതിയിൽ കുറവ് നിരക്കിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിലേക്ക് പിന്നീട് മാറ്റം വരുത്തി സമർപ്പിക്കുന്ന ടെണ്ടറുകൾ നിരസിച്ച് റീടെണ്ടർ ചെയ്യേണ്ടതായിരുന്നെങ്കിലും പഞ്ചായത്ത് അങ്ങിനെ ചെയ്തിട്ടില്ല.ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക താൽപ്പര്യത്തിന് വിരുദ്ധമായി കൂടിയ നിരക്കിൽ വെട്ടിത്തിരുത്തി സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചത് ഒട്ടും ആശാസ്യമല്ല.പഞ്ചായത്തിന് നഷ്ടം സംഭവിക്കാതെ മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടിയിരുന്ന വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും ഈ അപാകത പരിശോധിക്കപ്പെടുകയും തിരുത്തപ്പെടുകയുമുണ്ടായില്ല.

ഗ്രാമപഞ്ചായത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി, സാമ്പത്തിക നഷ്ടം വരുത്തിവെച്ചുകൊണ്ട് പ്രവർത്തി അനുവദിച്ച് നൽകാനുണ്ടായ സാഹചര്യങ്ങൾ ഭാവിയിൽ ഒഴിവാക്കി, മത്സരാധിഷ്ഠിത ടെണ്ടർ ഉറപ്പുവരുത്താൻ വേണ്ട നടപടികൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി സ്വീകരിക്കേണ്ടതാണ്.

## 3-3 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല

ജി.ഒ. (പി)13/2012/പി.ഡബ്ള്യ.ഡി തിയ്യതി.01-02-2012നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം മരാമത്ത് പ്രവർത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%ത്തിൽ അധികരിക്കാതെ 2 പ്രാവശ്യമായി പരമാവധി 50% കാലയളവിലേക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാമെന്ന പറയുന്നു.സെക്ഷൻ 2112.1അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ ആദ്യ തവണ 1%വും (മാക്സിമം 50000 രൂപ) തുടർന്ന് ഓരോ തവണയും 2%വും,മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്.അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1%(പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്.എന്നാൽ നൊച്ചാട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പല പൊതുമരാമത്ത് പ്രവർത്തികളിലും കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവർത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ച് നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ, ടെണ്ടർ നിരക്ക് | ബിൽ നമ്പർ , തുക |
|---|---|---|---|---|
| 1 | വാര്യംകണ്ടി ചേനോളി സ്കൂൾ നടപ്പാത (124/18) | 150000 | പി.ഹരിദാസ്, എസ്റ്റിമേറ്റ് നിരക്ക് | 19/30-08-2017, 146396/- |
| 2 | പുറ്റാട് അംഗൻവാടി കുട്ടിപ്പറമ്പ് റോഡ് | 600000 | ഗഫൂർ.പി,എസ്റ്റിമേറ്റ് നിരക്ക് | 9/19-08-2017, 595376 |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | കരാർ തുക | പൂർത്തീകരിക്കേണ്ട തിയ്യതി, കാലയളവ് | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീ കരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ2% (കാലയളവിന്റെ 25%*തവണ) | ആകെ ദീർഘീകരണത്തിന് ഈടാ ക്കേണ്ട പിഴ |
| 1 | വാര്യംകണ്ടി ചേനോളി സ്കൂൾ നടപ്പാത (124/18) | 150000 | 99ദിവസം (31-03-2017) | 11-05-2017 (41 ദിവസം) | 1500 (25ദിവസം) | (16ദിവസം/25 =0.64) 3000x0.64=1920 | 3420 |
| 2 | *പുറ്റാട് അംഗൻവാടി കുട്ടിപ്പറമ്പ് റോഡ് | 600000 | 53ദിവസം (31-03-2017) | 3-06-2017 (41 ദിവസം) | 6000 (14 ദിവസം) | (50ദിവസം/14=3) 12000x3=36000 | 42000 |

*(ടി പ്രവൃത്തി വിഷയത്തിൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയത് ക്രമത്തിലല്ല).

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവർത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല.നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. ഇത് ഗ്രാമ പഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു. സാധുവായ എഗ്രിമെന്റില്ലാത്ത കാലയളവിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതും ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ അനുവദിക്കുന്നതും ഗ്രാമ പഞ്ചായത്തിന്റേയും ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടേയും താൽപ്പര്യത്തിന് വിരുദ്ധമാണ്. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കാതിരുന്നതിനാൽ ഗ്രാമ പഞ്ചായത്തിന് സംഭവിച്ച 45,420/- രൂപയുടെ നഷ്ടം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 <u>സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കൂലിചെലവ് അനുവദിച്ചു</u>

പ്രൊജക്ട് :കതിരണിയുംപാടം

പ്രൊജക്റ്റ് നമ്പർ :20/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

ബിൽ നമ്പർ,തുക : 1) 16/16-03-2018, 210,000 /-

2) 17/16-03-2018, 48,125 /-

3) 19/28-03-2018, 48,125 /-

ചെക്ക് നമ്പർ,തുക : 4) 308127/5-03-2018, 170,000 /-

മേൽ പ്രൊജക്റ്റ് പ്രകാരം 5 പേർ ചേർന്ന 100 ഗ്രൂപ്പുകൾക്ക് നെൽകൃഷി വികസനത്തിനായി വിവിധ ഇനങ്ങൾക്കായി സബ്സിഡി നൽകിയിട്ടുണ്ട്. പദ്ധതി ചെലവിൽ ഒരു ഇനം കർഷകർക്ക് കൂലിച്ചെലവ് നൽകുകയാണ്. കൂലിച്ചെലവ് നൽകിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | ബിൽ നമ്പർ,തുക | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി നിരക്ക് | സബ്സിഡി തുക |
|---|---|---|---|---|
| 1 | 16/16-03-2018, 210,000 /- | 48 | 3400 | 163200 |
| 2 | 17/16-03-2018, 48,125 /- | 11 | 3400 | 37400 |
| 3 | 19/28-03-2018, 48,125 /- | 11 | 3400 | 37400 |
| 4 | 308127/5-03-2018, 170,000 /- | 30 | 3400 | 102000 |
| | | 100 | | 340,000 |

നൊച്ചാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന എത്ര പേർക്ക്,എത്ര പാടശേഖര സമിതികൾക്ക് പഞ്ചായത്ത് പദ്ധതി ചെലവ് കൂടാതെ കൃഷി വകുപ്പ് മുഖേനയുള്ള നെൽകൃഷി കൂലിചെലവ് സബ്സിഡി 2017-18 വർഷത്തിൽ നൽകുകയോ/2017-18 വർഷത്തെ കൂലിചെലവായി പിന്നീട് നൽകുകയോ ചെയ്തിട്ടുണ്ടോ എന്നും അങ്ങനെ കൂലിചെലവ് നൽകിയിട്ടുണ്ടെങ്കിൽ കൂലിചെലവ് നൽകിയ ആളുകളുടേയും സമിതികളുടേയും പേര്, ഓരോരുത്തർക്കും, ഓരോ സമിതികൾക്കും നൽകിയ തുക, അവർ കൃഷി ചെയ്ത കൃഷിഭൂമിയുടെ അളവ്, വിള ഇൻഷൂറൻസ് എടുത്തതിന്റെ വിശദാംശം തുടങ്ങിയ മുഴവൻ വിശദാംശങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-3/15-11-2018ന് കൃഷി ഓഫീസർ നൽകിയ മറുപടിയിൽ 134 കർഷകർക്ക് കൃഷി വകുപ്പ് മുഖേന കൂലിച്ചെലവ് നൽകിയതായി പറയുന്നു. അതിൽ 22 പേർ വിള ഇൻഷൂറൻസ് എടുത്തതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൃഷി വകുപ്പ് മുഖേന 134 കർഷകർക്ക് കൂലിച്ചെലവ് നൽകിയത് മകരം നെൽകൃഷിക്കാണെന്നും അറിയിച്ചു. പഞ്ചായത്ത് പദ്ധതി പ്രകാരം 500 കർഷകർക്ക് (5 പേർ ചേർന്ന 100ഗ്രൂപ്പുകൾ) കൂലിച്ചെലവ് നൽകിയത് പുഞ്ച നെൽകൃഷിക്കാണെന്നും കൃഷി ഓഫീസർ അറിയിച്ചു.

<u>പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾ കാണുന്നു.</u>

1) ജി.ഒ. (എം.എസ്) 80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 അനുസരിച്ച് നാമമാത്ര/ചെറുകിട കർഷകർക്ക് അവർ കൃഷിചെയ്ത ഭൂവിസ്തൃതിക്കനുസരിച്ചാണ് നെൽകൃഷി ചെയ്യുതിനുള്ള കൂലിചെലവ് സബ്സിഡി നൽകേണ്ടത്. എന്നാൽ മേൽപറഞ്ഞ മാനദണ്ഡങ്ങളൊന്നും പരിഗണിക്കാതെ ഗുണഭോക്താക്കൾക്കെല്ലാം 3400/-രൂപ വെച്ച് കൂലിചെലവ് സബ്സിഡി നൽകുകയാണുണ്ടായത്.

2) സബ്സിഡി മാർഗ്ഗരേഖ പ്രകാരം മുൻകൂറായി വിള ഇൻഷൂറൻസ്, ചെയ്തവർക്ക് മാത്രമേ സബ്സിഡി നൽകാവൂ. എന്നാൽ 27 ഗുണഭോക്താക്കൾ മാത്രമെ വിള ഇൻഷൂറൻസ് ചെയ്തിട്ടുള്ളൂ. ബാക്കി 73 ഗുണഭോക്താക്കൾക്കും വിള ഇൻഷൂറൻസ് ചെയ്യാതെ 3400/-രൂപ വെച്ച് ആകെ 248,200/-രൂപ കൂലിച്ചെലവ് സബ്സിഡി നൽകിയിട്ടുണ്ട്.

3) 5 പേർ ചേർന്ന 100 ഗ്രൂപ്പുകൾക്കാണ് സബ്സിഡി നൽകിയതെങ്കിലും ഗ്രൂപ്പുകളുടെ പാസ് ബുക്കുകൾ,തുക

കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4) പ്രൊജക്റ്റ് തയ്യാറാക്കുമ്പോളോ നടപ്പിലാക്കുന്ന ഘട്ടങ്ങളിലോ കൂലിച്ചെലവ് നൽകുന്നത് പുഞ്ച നെൽകൃഷിക്കാണെന്ന് പരാമർശിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ ഗ്രാമസഭകൾക്കോ,പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ വിവിധ സ്രോതസ്സുകൾ പരിഗണിക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്കോ വേണ്ടത്ര ജാഗ്രത പാലിക്കാൻ സാധിക്കുകയുണ്ടായിട്ടില്ല.

5) സഹായം ലഭിച്ച 100 ഗ്രൂപ്പുകളിൽ 54 എണ്ണത്തിനും ഗ്രാമസഭയുടെ അംഗീകാരമില്ല. ഗ്രാമസഭയുടെ അംഗീകാരമില്ലാത്ത 54 ഗ്രൂപ്പുകളെ 15-01-2018ലെ ബോർഡ് മീറ്റിങ്ങിലെ 3/4/15-01-2018 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചെങ്കിലും ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ചംഗീകരിച്ചിട്ടില്ല.

6) ജി.ഒ. (എം.എസ്)80/2017 ത.സ്വ.ഭ.വ തിയ്യതി 03-04-2017 ഖ. 8.1(5) അനുസരിച്ച് നിലമൊരുക്കാൻ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തണമെന്ന് പറയുന്നു.കൂടാതെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 1/17(3)/30-10-2017 നമ്പർ തീരുമാനപ്രകാരവും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി വേണം ഗ്രൂപ്പുകൾക്ക് നെൽകൃഷി പ്രോത്സാഹന പ്രൊജക്ടിന് നിലമൊരുക്കേണ്ടതെന്ന് വ്യക്തമാക്കുന്നു.എന്നാൽ ഫയലിനൊപ്പം സൂക്ഷിച്ച വൌച്ചറുകളിൽ നിലമൊരുക്കുന്നതിനായി തുക ചെലവഴിച്ചതായി കാണുന്നു.

സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുമെന്ന് ജി.ഒ. (എം.എസ്) 80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 ഖ. 2.3ൽ വ്യക്തമായി പറയുന്നുണ്ട്. ക്രമ നമ്പർ 2 അപാകത കാരണം സബ്സിഡി നൽകിയ 248,200/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക കൃഷി ഓഫീസറുടെ ബാധ്യതയായി കണക്കാക്കാതിരിക്കാൻ മതിയായ രേഖകൾ ഹാജരാക്കേണ്ടതാണ്.

<u>മറ്റു അപാകതകൾ പരിഹരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ:</u>

അപാകത 1: ഗുണഭോക്താക്കളുടെ പുഞ്ച നെൽകൃഷിക്കുപയുക്തമായ കൃഷി ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച് റവന്യൂ അധികാരികൾ നൽകിയ സർട്ടിഫിക്കറ്റ് /പാട്ടകൃഷി നടത്തുകയാണെങ്കിൽ പാട്ടക്കരാറിന്റെ കോപ്പി ഹാജരാക്കേണ്ടതാണ്.

അപാകത 3: ഗ്രൂപ്പുകളുടെ പാസ് ബുക്കുകൾ,തുക കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

അപാകത 4: ഭാവിയിൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിവിധ സ്രോതസ്സുകൾ പരിഗണിക്കേണ്ടതാണ്.

അപാകത 5: ഗ്രാമസഭയുടെ അംഗീകാരമില്ലാത്ത 54 ഗ്രൂപ്പുകളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ചംഗീകരിക്കുക.

അപാകത 6:ഭാവിയിൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ നിലമൊരുക്കാൻ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തേണ്ടതാണ്.

അപാകത 1,3,4,5,6 എന്നിവയുടെ അടിസ്ഥാനത്തിൽ അപാകത 2 വിള ഇൻഷുറൻസിന്റെ അഭാവത്തിൽ മുകളിൽ നിരാകരിച്ച തുക ഒഴികെ ബാക്കി 91800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാർഷിക മേഖലയിലെ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ വിവിധ സ്രോതസ്സുകൾ പരിഗണിക്കേണ്ടതാണ്.പ്രൊജക്ടുകൾ തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും സബ്സിഡി മാർഗ്ഗരേഖയ്ക്കനുസൃതമായാണെന്ന് ഉറപ്പുവരുത്താൻ വേണ്ട ഇടപെടലുകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നുണ്ടാവേണ്ടതാണ്.

## 3-5 <u>ഗുണഭോക്താക്കൾക്ക് തുക ലഭിച്ചെന്ന് ഉറപ്പുവരുത്തിയില്ല</u>

1)പ്രൊജക്ട് :ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്

പ്രൊജക്ട് നമ്പർ :1/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്ട്രക്ടർ

ബിൽ നമ്പർ,തുക : 1) 1/27-02-2018, 163,620 /-

2) 2/27-02-2018, 136,380 /-

ചെക്ക് നമ്പർ,തുക : 3) 3781205/5-03-2018, 10,00,000 /-

2)പ്രൊജക്ട് :കറവപ്പശുക്കൾക്ക് കാലിത്തീറ്റ

പ്രൊജക്ട് നമ്പർ :2/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്ട്രക്ടർ

ബിൽ നമ്പർ,തുക : 1) 3/27-02-2018, 279,500 /-

2) 4/22-03-2018, 20,500 /-

മേൽ പ്രൊജക്ടുകൾ പ്രകാരം അളക്കുന്ന പാലിന് ഇൻസെന്റീവ് ആയും കറവപ്പശുക്കൾക്ക് കാലിത്തീറ്റയുള്ള സബ്സിഡി ആയും ക്ഷീര കർഷകർക്ക് മേൽ ബില്ലുകൾ,ചെക്കുകൾ പ്രകാരം 16,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ നൽകിയിരിക്കുന്നത് പഞ്ചായത്തിലെ 6 ക്ഷീര സഹകരണ സംഘങ്ങളുടെ അക്കൌണ്ടിലേക്കാണ്. അവിടെ നിന്നും തുകകൾ ബന്ധപ്പെട്ട ക്ഷീര കർഷകരുടെ അക്കൗണ്ടിലേക്ക് വിതരണം നടത്തിയതിനുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. യഥാർത്ഥ ഗുണഭോക്താക്കൾക്ക് തുക ലഭിച്ചുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പാക്കിയിട്ടില്ല. ക്ഷീര കർഷകരുടെ അക്കൗണ്ടിലേക്ക് തുകകൾ വരവുവെച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-6 ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായവർ ഒഴിവാക്കപ്പെടുന്നു

പ്രോജക്ട് പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് 5/18

നിർവ്വഹണം അസി. സെക്രട്ടറി

അടങ്കൽ 454240 SCP

454240 Bill 16/17-18 16.3.18

എസ് സി വിഭാഗത്തിൽ പെട്ട് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്നതിനായിരുന്നു പ്രോജക്ട്. ആയതിനായി മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ 38 പേരുൾപ്പെടുത്തി ഗുണഭോക്തൃലിസ്റ്റ് സംഗ്രഹിച്ചിട്ടുണ്ട്. ആയതിൽ 16 വിദ്യാർത്ഥികൾക്ക് 28340 രൂപ വില വരുന്ന ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്.

15 മാർക്ക് മാത്രം ലഭിച്ച രണ്ടുപേർക്കും 20 മാർക്ക് ലഭിച്ച ഒരാൾക്കും 25 മാർക്ക് ലഭിച്ച രണ്ടുപേർക്കും ആനുകൂല്യം നൽകിയപ്പോൾ 60 മാർക്ക് ലഭിച്ച ഒരാളെയും 45 മാർക്ക് ലഭിച്ച രണ്ടുപേരേയും 40 മാർക്ക് ലഭിച്ച രണ്ടുപേരേയും ആനുകൂല്യം നൽകുന്നതിനായി പരിഗണിച്ചില്ല. മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം കൂടുതൽ മാർക്ക് ലഭിച്ച അർഹരെ ഒഴിവാക്കി കുറഞ്ഞ മാർക്ക് ലഭിച്ചവർക്ക് ആനുകൂല്യം നൽകിയ നടപടി ക്രമവിരുദ്ധമാണ്. മേൽക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. കുറഞ്ഞ മാർക്ക് ലഭിച്ച 5 പേർക്ക് നൽകിയ ലാപ് ടോപ്പുകളുടെ വില 141700 (28340 x 5) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അർഹതപ്പെട്ടവർക്കാണ് ആനുകൂല്യം നൽകുന്നതെന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 3-7 ജാഗ്രതാ സമിതികളുടെ സംഘാടനത്തിൽ വീഴ്ച

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമമോ, അവഗണനയോ, ഏത് തലത്തിൽ / എവിടെ ഉണ്ടായാലും അതിനോട് പ്രതികരിക്കുകയും കുറ്റക്കാർക്കെതിരെ കർക്കശമായ നടപടികളെടുക്കുകയും ചെയ്യുക.സ്ത്രീകൾക്കും കുട്ടികൾക്കും സധൈര്യം സ്വതന്ത്രമായി ജീവിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക അവർക്കാവശ്യമായ പിന്തുണ നൽകുകയും ഒറ്റയ്ക്കല്ല എന്ന തോന്നൽ ഉണ്ടാക്കത്തക്കവിധം പ്രവർത്തിക്കുകയും ചെയ്യുക. അവർക്ക് ആവശ്യമായ നിയമപരിരക്ഷ ഉറപ്പുവരുത്തുക തുടങ്ങിയവ നിർവ്വഹിക്കാനുള്ള സംവിധാനമെന്ന നിലയിൽ പ്രാദേശിക സർക്കാർ തലത്തിൽ ജാഗ്രതാസമിതികൾ പ്രവർത്തിച്ച് വരുന്നു.

സ.ഉ. (എം.എസ്.) നം.31/07 സാ.ക്ഷേ.വ. തീയതി 23.06.2007 പ്രകാരം ജാഗ്രതാ സമിതികളുടെ സംഘാടനം സംബന്ധിച്ച് സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ജാഗ്രതാ സമിതി അവസാനമായി യോഗം ചേർന്നത് 13.06.2014 നാണ് ഇതിന് ശേഷം യോഗം ചേർന്നിട്ടില്ല. മേൽ ഉത്തരവ് ഖ.1-3ൽ ഓരോ ഗ്രാമ പഞ്ചായത്തിലും വാർഡു തലത്തിൽ ജാഗ്രതാസമിതികൾ രൂപീകരിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ വാർഡ് തലത്തിലെ സമിതികളുടെ മിനുട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ സ്ത്രീകളും കുട്ടികളും നേരിടുന്ന ബഹുമുഖമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സക്രിയമായ പങ്ക് വഹിക്കേണ്ട ജാഗ്രതാ സമിതികൾ പ്രവർത്തനരഹിതമാവുന്ന അവസ്ഥ ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പും ഇത് സംബന്ധിച്ച് കാര്യമായ ഇടപെടലുകൾ നടത്താത്തതാണ് ജാഗ്രതാ സമിതികളുടെ നിഷ്ക്രിയാവസ്ഥക്ക് കാരണമാവുന്നത്. ഈ അവസ്ഥക്ക് മാറ്റം വരുത്തുന്നതിനായി ജാഗ്രതാ സമിതികൾ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 ഗുണഭോക്തൃ വിഹിതം കൈപ്പറ്റിയതായി രേഖകളില്ല

1)പ്രൊജക്ട് :നന്ദിനി-കിടാരി വളർത്തൽ

പ്രൊജക്ട് നമ്പർ :9/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

ബിൽ നമ്പർ,തുക : 1) 1/20-11-2017, 272,000 /-

2) 2/06-01-2018, 208,000 /-

3)6/17-02-2018, 112,000 /-

4) 7/27-02-2018, 56,000 /-

5) 7/27-02-2018, 16,000 /-

6) 7/21-03-2018, 16,000 /-

ചെക്ക് നമ്പർ,തുക : 7) 7241841/22-12-2017, 280,000 /-

8) 7241848/03-02-2018, 112,000 /-

9) 7241851/06-03-2018, 72,000 /-

10) 108960/22-03-2018, 16,000 /-

11) 426911/05-12-20178, 200,000 /-

മേൽ പ്രൊജക്ട് പ്രകാരം ഒന്നര വയസ്സ് പ്രായമായ കിടാരിയെ വാങ്ങുന്നതിന് 8000/-രൂപ ഗുണഭോക്തൃ വിഹിതമായും 8000/-രൂപ സബ്സിഡിയായും വകയിരുത്തിട്ടുണ്ട്. 85ഗുണഭോക്താക്കൾക്ക് 16,000/-രൂപ വിലയുള്ള കിടാരിയെ വിറ്റതിന് സബ്സിഡിയായി 680,000/-രൂപയും (ബിൽ പ്രകാരം) ഗുണഭോക്തൃ വിഹിതമായി 680,000/- രൂപയും (ചെക്ക് പ്രകാരം) ആകെ 13,60,000/- രൂപ വിൽപ്പനക്കാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഓരോ ഗുണഭോക്താക്കളിൽ നിന്നും 8000/- രൂപയുടെ (ആകെ 680,000/-രൂപ) കൈപ്പറ്റ് രശീതി മാത്രമേ വിൽപ്പനക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളൂ. ചെക്ക് പ്രകാരം കൈമാറിയ 6,80,000/- രൂപ (ഒരു ഗുണഭോക്താവിൽ നിന്നും 8000 രൂപ നിരക്കിൽ) വിൽപ്പനക്കാർക്ക് ലഭിച്ചതായി രേഖകളില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവു തുക 680000 രൂപ തടസ്സത്തിൽ വെക്കുന്നു. ചെക്ക് മുഖേന നൽകിയ 680,000/-രൂപ വിൽപ്പനക്കാരുടെ അക്കൗണ്ടിലേക്ക് വരവുവെച്ചതിന്റെ രേഖകളും ഓരോ വിൽപ്പനക്കാരനിൽ നിന്നും, ഓരോ കിടാരിയേയും വിൽപ്പന നടത്തിയതിന് 16,000/-രൂപ കിട്ടി ബോധിച്ചതായുള്ള രശീതും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 <u>ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല</u>

സ. ഉ. (പി)7/2016/ഫിൻ തീയതി 20.01.2016 പ്രകാരം ജീവനക്കാരുടെ പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോണ്ടട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി അറിയിക്കേണ്ടതാണ്

## 3-10 <u>വാങ്ങൽ നടപടിക്രമങ്ങളിലെ അപാകം</u>

ഒരേയിനം സാധനങ്ങൾക്കുള്ള വാങ്ങലുകൾക്ക് വിവിധ രീതിയിലുള്ള വാങ്ങൽ നടപടി ക്രമം പാലിക്കുന്നതായും ഒരേ സാധനങ്ങൾക്ക് വിവിധ നിരക്കുകൾ നൽകുന്നതായും കാണുന്നു.

ചില ഉദാഹരണം താഴെ കൊടുക്കുന്നു

| നിർവ്വഹണ | ഇനം | ഒന്നിന്റെ വില | വാങ്ങിയ | വാങ്ങൽ | സപ്ലൈ ചെയ്ത |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഉദ്യോഗസ്ഥൻ | | | എണ്ണം | നടപടി ക്രമം | സ്ഥാപനം |
| അസി സെക്രട്ടറി | ഫൈബർ കസേര | 415 + 18% GST | 52 | ടെണ്ടർ | സുരഭി |
| സെക്രട്ടറി | ഫൈബർ കസേര | 442.37+ 18% GST | 100 | ടെണ്ടർ | കാഡ്കോ |
| സെക്രട്ടറി | ഫൈബർ കസേര | 413.56+ 18% GST | 50 | ടെണ്ടർ | കാഡ്കോ |
| സെക്രട്ടറി | ഫൈബർ കസേര | 429.70+ 28% GST | 9 | ക്വട്ടേഷൻ | ഐശ്വര്യ ഫർണിച്ചേഴ്സ് |
| സെക്രട്ടറി | സ്റ്റീൽ കാബിനറ്റ് 78x36x19 | 6713+ 18% GST | 6 | ടെണ്ടർ | കാഡ്കോ |
| സെക്രട്ടറി | സ്റ്റീൽ കാബിനറ്റ് 78x36x19 | 5886.10 + 18% GST | 3 | ടെണ്ടർ | കാഡ്കോ |
| അസി സെക്രട്ടറി | Table with One drawer and cup board novapan top | 2108.47+ 18% GST | 85 | ടെണ്ടർ | കാഡ്കോ |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | സ്റ്റീൽ ടേബിൾ | 4425.42+ 18% GST | 4 | ടെണ്ടർ | കാഡ്കോ |
| സെക്രട്ടറി | സ്റ്റീൽ ടേബിൾ | 3577.96+ 18% GST | 3 | ടെണ്ടർ | കാഡ്കോ |
| അസി സെക്രട്ടറി | കുഷ്യൻ കസേര | 667.80+ 18% GST | 85 | ടെണ്ടർ | കാഡ്കോ |
| സെക്രട്ടറി | കുഷ്യൻ കസേര | 2306.78+ 18% GST | | | |
| അസി സെക്രട്ടറി | ലാപ് ടോപ്പ് | 24059.32+ 18% GST | 16 | ടെണ്ടർ | ബിസയർ പവർ സൊലൂഷൻ |
| സെക്രട്ടറി | ഡെസ്ക് ടോപ്പ് | 38127.12 +18% GST | 2 | ടെണ്ടർ | ബിസയർ പവർ സൊലൂഷൻ |
| സെക്രട്ടറി | ഡെസ്ക് ടോപ്പ് | 40847.62+5%vat | 1 | ക്വട്ടേഷൻ | ബിസയർ പവർ സൊലൂഷൻ |

പ്രോക്യൂർമെന്റ് പ്ലാനും ബഡ്ജറ്റുമില്ലാതെ പല നിരക്കിൽ പല രീതിയിലാണ് ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ഈ നടപടി ക്രമപ്രകാരമല്ല. വർഷാരംഭത്തിൽ തന്നെ വർഷത്തെ ആകെ ആവശ്യകതയും ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും നിർണ്ണയിച്ച് വാങ്ങലുകൾ സുതാര്യമാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-11 പ്രത്യേക ആവശ്യങ്ങൾക്ക് കിട്ടിയ ഗ്രാന്റുകൾ ഉപയോഗപ്പെടുത്താതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച വിവിധ ഗ്രാന്റുകൾ ഉപയോഗപ്പെടുത്താതെ വർഷങ്ങളായി തനത് ഫണ്ടിൽ സൂക്ഷിക്കുന്നതായി കാണുന്നു. വിശദ വിവരം താഴെ

| ക്രമ നം | തുക | ലഭിച്ച തിയ്യതി | ആവശ്യം | നൽകിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 800000 | 1.6.15 | പനമ്പ്ര കോളനി കുടിവെള്ള പദ്ധതി കിണർ നിർമ്മാണം | ജില്ലാ പഞ്ചായത്ത് | നിലവിൽ പ്രോജക്ടില്ല |
| 2 | 120000 | 1.4.14 | എസ് സി ശ്മശാനം വികസനം | പട്ടികജാതി വികസന ഓഫീസർ (വകുപ്പ് ഫണ്ട്) | -ടി- |
| 3 | 32880 | 2016-17 | വലിയപറമ്പ് സാംസ്കാരിക നിലയം | ജില്ലാ പഞ്ചായത്ത് | പദ്ധതിയുടെ ബാക്കി പണം തിരിച്ചടവാക്കാതെ സൂക്ഷിക്കുന്നത് |
| 4 | 500000 | 1.3.2018 | കിണർ നിർമ്മാണം | ബീവറേജസ് കോർപ്പറേഷൻ (150000+350000) | പദ്ധതികൾ ആരംഭിച്ചിട്ടില്ല |

പ്രത്യേക ആവശ്യങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ ആയതിനായി ഉപയോഗപ്പെടുത്താതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം നൽകിയിട്ടില്ല. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ/വകുപ്പിൽ നിന്നും ലഭിച്ച ഫണ്ടുകൾ ഉപയോഗപ്പെടുത്തുകയോ ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

## 3-12 കുടുംബശ്രീ - അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും,ആശ്രയ ഗുണഭോക്താക്കളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും, വിവിധ സർക്കാർ ഏജൻസികൾ നൽകിയ തുകകൾ സി.ഡി.എസ് അക്കൗണ്ടിൽ (അക്കൗണ്ട് നം.9930ഗ്രാമീൺ ബേങ്ക് ചാലിക്കര)മുഴുവനായും ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| എസ്.സി.എ.ഫണ്ട് | 344754 |
| ആശ്രയ ചലഞ്ച് ഫണ്ട് | 404706 |
| ആശ്രയ പ്ലാൻ ഫണ്ട് | 341076 |

ഗ്രാമപഞ്ചായത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി നൽകുന്ന ഇത്തരം ഫണ്ടുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല.മേൽ പരാമർശിച്ച തുകകൾ ഏതൊക്കെ ഏജൻസികളിൽ നിന്നും എന്ത് ഉദ്ദേശത്തിനാണ് ലഭിച്ചതെന്നും, ഈ തുകകൾ മുഴുവൻ ചെലവഴിക്കതെ സൂക്ഷിച്ചതിന്റെ വിശദീകരണവും നൽകേണ്ടതാണ്. തുക ചെലവഴിക്കാൻ പദ്ധതികൾ തയ്യാറാക്കാത്ത പക്ഷം മേൽ തുക സർക്കാരിലേയ്ക്ക് തിരിച്ചടവാക്കേണ്ടതാണ്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമല്ല.

കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ വിവിധ തലങ്ങളിൽ ഇടപെട്ട് കൃത്യമായ ഉപദേശ, നിർദ്ദേശങ്ങൾ നൽകി സംവിധാനത്തിന് ദിശാബോധം നൽകേണ്ട ചുമതല ഗ്രാമപഞ്ചായത്തിൽ നിർവ്വഹിക്കേണ്ടത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. എന്നാൽ ഓഡിറ്റ് വർഷത്തെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനട്സ് പരിശോധിച്ചതിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട ചർച്ചകളൊന്നും നടന്നിട്ടില്ലെന്ന് കാണുന്നു.

<u>ആശ്രയ പദ്ധതി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.</u>

ഗ്രാമ പഞ്ചായത്തിലെ നിരാലംബരും നിരാശ്രയരുമായ ആശ്രയ പദ്ധതി ഗുണഭോക്താക്കളുടെ പദ്ധതി നിർവ്വഹണം വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ജി. ഒ.(എം.എസ്) നം. 72/2017 തസ്വഭവ അനുബന്ധം 4 ഖ.3-16 കാണുക. ഗ്രാമപഞ്ചായത്തിന്റെ അദ്ധ്യക്ഷനായിരിക്കണം ഇതിന്റെയും അദ്ധ്യക്ഷൻ. എന്നാൽ ഇത്തരത്തിൽ ഒരു സമിതി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. വ്യക്തമായ നിർദ്ദേശങ്ങളുടെ മോണിറ്ററിംഗിന്റെ അഭാവത്തിൽ രണ്ട് ഘട്ടങ്ങളിലായി നടന്ന ആശ്രയ പദ്ധതിയുടെ നിർവ്വഹണം കൃത്യമായി വിലയിരുത്തപ്പെട്ടിട്ടില്ല.

സി.ഡി.എസ് അക്കൗണ്ടിൽ ചെലവഴിക്കാതെ ബാക്കിയായ തുകകൾ ഏതെല്ലാം ഗുണഭോക്താക്കൾക്ക് നൽകാനുള്ളതാണെന്ന് കണ്ടെത്തി അവർക്ക് നൽകുന്നതിന് സത്വരമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-13** <u>അനർഹർക്ക് വിവാഹ ധനസഹായം</u>

പ്രോജക്ട് 6/18 - പട്ടിക ജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം

നിർവ്വഹണം - അസി സെക്രട്ടറി

അടങ്കൽ – 696300 വികസന ഫണ്ട് എസ് സി പി

28700 തനത് ഫണ്ട്

പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹച്ചെലവിലേക്ക് ധനസഹായം നല്കുന്നതിനാണ് മേൽ പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ട് പ്രകാരം 2 പേർക്ക് 50000 രൂപയും 11 പേർക്ക് 75000 രൂപയും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

03.04.17 ലെ സ.ഉ. (എം.എസ്) 80/17/ തസ്വഭവ. ഖണ്ഡിക 11.5 പ്രകാരം വരുമാനം 2,00,000 രൂപയിൽ കവിയാത്ത കുടുംബത്തിലുള്ള പെൺകുട്ടികളെയാണ് ആനുകൂല്യം നൽകാനായി പരിഗണിക്കേണ്ടത്. മേൽ ഉത്തരവിലെ ഖ. 2-15 പ്രകാരം സർക്കാർ/ അർദ്ധസർക്കാർ/ എയ്ഡഡ്/സഹകരണ സ്ഥാപനങ്ങൾ/ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ, പെൻഷണർമാർ എന്നിവയിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബത്തെ നിശ്ചിത വരുമാന പദ്ധതിക്ക് താഴെയുള്ളവരായി കണക്കാക്കാൻ പാടില്ല എന്നും നിഷ്കർഷിക്കുന്നു. എന്നാൽ മേൽ നിബന്ധനകൾക്ക് വിരുദ്ധമായി താഴെ പറയുന്നവർക്ക് ധനസഹായം നല്കി.

| | ഗുണഭോക്താവിന്റെ പേര് | അനർഹതയ്ക്ക് കാരണം |
|---|---|---|
| 1. | സിൻസിജ.സി.പി D/0അജിത.വി.കെ സായൂജ്യം | ഫയലിനോടൊപ്പമുള്ള വിവാഹസർട്ടിഫിക്കറ്റ് പ്രകാരം ഗുണഭോക്താവ് എഞ്ചിനീയറായി ജോലി |

| | | |
|---|---|---|
| | | ചെയ്യുന്നു. |
| 2 | ധനിഷ.ടി<br>ദാമോദരൻ പനമ്പ്രമ്മൽ | ഫയലിനോടൊപ്പമുള്ള വിവാഹസർട്ടിഫിക്കറ്റ് പ്രകാരം ഗുണഭോക്താവ് നഴ്സായി ജോലി ചെയ്യുന്നു |
| 3 | ശരണ്യ സി സുനിൽകുമാർ പിലാക്കുന്നത്ത് മീത്തൽ | ഫയലിനോടൊപ്പമുള്ള റേഷൻ കാർഡ് പ്രകാരം കുടുംബാംഗം സർക്കാർ ജീവനക്കാരനാണ് |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് അനർഹരായവരാണെങ്കിൽ തുക തിരിച്ചു പിടിക്കേണ്ടതുമാണ്.

## 3-14 എസ്.എസ്.എ പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്തിന് പങ്കാളിത്തം ഇല്ല

ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി എസ്.എസ്.എ ക്ക് ഓഡിറ്റ് വർഷം 800000/- രൂപ ഗ്രാമ പഞ്ചായത്ത് കൈമാറിയിട്ടുണ്ട്.പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 10/18 |
| അടങ്കൽ | 800000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 800000/- |
| ബിൽ നം. തി. | 2/18 , 25.07.2017 |

എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസറുടെ കത്ത് നം. സി/ 679/ 2017 തി. 31.05.2017 പ്രകാരം 2017-18 വർഷത്തേക്ക് എസ്.എസ്.എ. പദ്ധതി പ്രകാരം നൊച്ചാട് ഗ്രാമ പഞ്ചായത്തിന് 4869000/- രൂപ അനുവദിച്ചിട്ടുണ്ടെന്നും പദ്ധതി ചെലവിലേക്കായി 40% തുക അടയ്ക്കാനും ഗ്രാമ പഞ്ചായത്തിനോട് ആവശ്യപ്പെടുകയുണ്ടായി ഇതിന്റെ അടിസ്ഥാനത്തിലാണ് മേൽ തുക അടച്ചിട്ടുള്ളത്.

സ.ഉ (എം.എസ്)നം.72/2017/29.03.2017 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ അനുബന്ധം ഖ.12-9 (3) ൽ എസ്.എസ്.എ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പാലിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളൊന്നും

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല. മാത്രമല്ല ഏതൊക്കെ പദ്ധതികളാണ് നടത്തുന്നതെന്നോ ആയത് വിശദമായി മോണിറ്ററിംഗ് നടത്തുന്നതിനും പഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ഇത് സംബന്ധിച്ച് യാതൊരുവിധ ഇടപെടലുകളും നടത്തിയിട്ടില്ല. എസ്.എസ്.എ യും ഗ്രാമപഞ്ചായത്തും സംയുക്തമായി വിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-15 മുഴുവൻ മരുന്നും ലഭ്യമായില്ല

പ്രൊജക്ട് :മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

പ്രൊജക്ട് നമ്പർ :8/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

ബിൽ നമ്പർ,തുക : 5/17-02-2018, 200,000 /-

മേൽ പ്രൊജക്ട് പ്രകാരം ഡയനവെറ്റ് എന്ന സ്ഥാപനത്തിൽ നിന്നും 200,000/-രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട്.ബിൽ നമ്പർ 13425/16.-11-2017 പ്രകാരം വിതരണം നടത്തിയ 41ഇനം മരുന്നുകളിൽ MEBLUDYNE INJ 20MLന്റെ 150 എണ്ണം സ്റ്റോക്കിൽ എടുക്കുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ല.മരുന്നിന്റെ വിലയുടെ വിശദാംശം ചുവടെ.

| മരുന്ന് | പാക്ക് | എണ്ണം | നിരക്ക്/ഒന്നിന് | GST 12% | ആകെ |
|---|---|---|---|---|---|
| MEBLUDYNE INJ | 20ML | 150 | 114 | 13.68 | 19,152/- |

ബിൽ പ്രകാരം ലഭ്യമാക്കിയ മരുന്ന് സ്റ്റേക്കിൽ എടുക്കേണ്ടതും ആയതിന്റെ ഇഷ്യൂ/ വിനിയോഗ വിവരം അറിയിക്കേണ്ടതുമാണ്. 19,152/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-16 മുൻകൂറുകൾ ക്രമീകരിക്കാത്തത്

താഴെ പറയുന്ന മുൻകൂറുകൾ സാമ്പത്തിക വർഷം അവസാനിച്ച് മാസങ്ങളായിട്ടും ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കണ്ടു.

| ക്രമ നം | തുക | വൗച്ചർ നം. തിയ്യതി | കൈപ്പറ്റിയ ആൾ | ഉദ്ദേശ്യം |
|---|---|---|---|---|
| 1 | 1500 | 21700374/11.10.17 | കെ സുമേഷ് സെക്രട്ടറി | യാത്രാ ബത്ത |
| | 1000 | 21500964/ 16.3.16 | രാധാകൃഷ്ണൻ. സെക്രട്ടറി | യാത്രാ ബത്ത |
| | 135000 | 21700250/ 8.8.17 | ഗവ.എഞ്ചിനീയറിങ്ങ് കോളേജ് | പഞ്ചായത്ത് കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കാൻ തനത് ഫണ്ടിൽ നിന്നും മുൻകൂർ |
| | 12000 | 21700269 24.8.17 | കെ സുമേഷ് | ഓണം |

| | | | | |
|---|---|---|---|---|
| | | | സെക്രട്ടറി | അഡ്വാൻസ് |

യാത്രാ ബത്ത, ഓണം മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതും അല്ലാത്തപക്ഷം പലിശ സഹിതം തിരിച്ചു പിടിച്ച് അറിയിക്കേണ്ടതുമാണ്.

## 3-17 പ്ലാസ്റ്റിക്ക് - ഖരമാലിന്യ നിർമ്മാർജനപദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നം | 158/18 |
| അടങ്കൽ | 267500/- |
| ഫണ്ട് | ധനകാര്യ കമ്മീഷൻ |
| ചെലവ് | 265960/- |
| ബിൽ നം. തി. | 3/18 . 09.10.2017 |

1.ജി.ഒ.(എം.എസ്)നം.72/2017/തസ്വഭവ. തി.29.03.2017 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ പ്ലാസ്റ്റിക്ക്-ഖരമാലിന്യങ്ങൾ ശേഖരിച്ച് കയറ്റി അയയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ പരിപാലിക്കുന്നതിനും, അജൈവമാലിന്യങ്ങൾ ശേഖരിച്ച് പുനചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം എന്ന് മാർഗ്ഗരേഖയിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ജാഗ്രത കാണിച്ചില്ല.

2.ഗ്രാമ പഞ്ചായത്ത് പ്രസിദ്ധീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ ഖരമാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന തോതിനനുസരിച്ച് കടകൾ,സ്ഥാപനങ്ങൾ എന്നിവയ്ക്ക് യൂസർഫീ ഈടാക്കേണ്ടതാണെന്നും, വാർഡുതല സാനിറ്റേഷൻ സമിതികളെ ഇതിന് സജ്ജമാക്കി ഗ്രീൻ വളന്റിയർമാരുടെ സേന രൂപീകരിച്ച് പ്രവർത്തന പദ്ധതി രൂപീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് എന്തെങ്കിലും തുടർ പ്രവർത്തനങ്ങൾ നടത്തിയത് സംബന്ധിച്ച രേഖകൾഫയലിൽ ഇല്ല.

3.ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച ടെണ്ടർ പരസ്യത്തിൽ (നം.10/17, തി.8.2.2017) നിബന്ധന 1ൽ ഖരമാലിന്യം സംഭരിക്കുന്നതിന് ടെണ്ടർ സമർപ്പിക്കുന്നവർക്ക് മാലിന്യസംസ്കരണത്തിന് സംസ്ഥാന ശുചിത്വ മിഷന്റെ അംഗീകാരം ഉണ്ടായിരിക്കണമെന്ന് സൂചിപ്പിച്ചിട്ടിണ്ട്. ഗ്രാമ പഞ്ചായത്തിൽ മാലിന്യം ശേഖരിക്കുന്നതിന് ടെണ്ടർ എടുത്തിരിക്കുന്നത് കളർ കേരള വേസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് ശുചിത്വ മിഷന്റെ അംഗീകരം ഇല്ല

4.ടെണ്ടർ പരസ്യത്തിലെ നിബന്ധന 4 പ്രകാരം ടെണ്ടർ സമർപ്പിക്കുന്ന ഏജൻസിക്ക് ശേഖരിക്കുന്ന പാഴ് വസ്തുക്കൾ സംസ്കരിക്കുന്നതിനും റീസൈക്കിൾ ചെയ്യുന്നതിനും നിലവിൽ അംഗീകൃത സംവിധാനമുണ്ടായിരിക്കണം എന്ന് പരാമർശമുണ്ട്. എന്നാൽ ടെണ്ടർ അംഗീകരിച്ച സ്ഥാപനത്തിന് ഇത് ഉറപ്പുവരുത്തിയതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. മാലിന്യം കയറ്റി അയക്കുന്നതിന് മുൻപ് ഹെൽത്ത് ഇൻസ്പെക്ടർ പരിശോധന നടത്തിയതിന്റെ വിവരം, മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് വെയ്ബ്രിഡ്ജ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമല്ല.

മേൽ പദ്ധതിയുടെ നിർവ്വഹണത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പങ്ക് പരിശോധിക്കുന്നതിനായി കമ്മിറ്റി മിനട്സ് പരിശോധിച്ചതിൽ ഈ പദ്ധതി നിർവ്വഹണത്തിൽ സ്റ്റന്റിംഗ്

കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിച്ചിട്ടില്ലെന്ന് കാണുന്നു. ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനോ,അജൈവ മാലിന്യ സംസ്കരണത്തിനാവശ്യമായ പദ്ധതികളേറ്റെടുത്ത് നടപ്പാക്കുന്നതിനോ കമ്മിറ്റി ശ്രമിച്ചിട്ടില്ല.19.08.2017 ന് നടന്ന വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയോഗം തീരുമാനം നമ്പർ 1/2017 പ്രകാരം മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് തുടങ്ങുന്നതിന് തീരുമാനിച്ചെങ്കിലും തുടർപ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എന്ക്വയറിക്ക് (നം.1/15.11.18) നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ സമർപ്പിച്ച മറുപടിയിൽ മാലിന്യ നിർമ്മാർജ്ജനം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണെന്നും ഗ്രാമസഭയിൽ നിന്ന് ഉയർന്നവന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പദ്ധതി നടപ്പാക്കിയതെന്നുമാണ്. പഞ്ചായത്തിൽ രൂപീകരിച്ച ഹരിതകർമ്മ സേനയുടെ നേതൃത്വത്തിലാണ് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ചതെന്നും പ്ലാസ്റ്റിക്ക് കയറ്റി അയച്ച ഏജൻസികൾക്ക് ഓഡിറ്റ് വർഷം ജില്ലാ ശുചിത്വ മിഷൻ അംഗീകാരം നൽകിയിട്ടില്ല എന്നുമാണ്. മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിലെ ഓവർസിയറുടെ സാക്ഷ്യ പത്രമാണ് ഹാജരാക്കിയിരിക്കുന്നത്. അപാകതകൾ സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി തൃപ്തികരമല്ല.

ഗ്രാമപഞ്ചായത്തിലെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ഉറവിട മാലിന്യസംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനും അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി പുനചംക്രമണം ചെയ്യുകയോ, സംസ്കരിക്കുകയോ ചെയ്യുന്നതിനാവശ്യമായ ഭാവനാപൂർണ്ണമായ പദ്ധതികളേറ്റെടുത്ത് നടപ്പാക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 87500 87500 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 87500 | 87500 |
| | | 300000 | മിൽക്ക് ഇൻസന്റീവ് | 300000 | 0 |
| | | 1000000 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ കെട്ടിട നിർമ്മാണം | 0 | 1000000 |
| പേരാമ്പ്ര ബ്ലോക്ക് | | 150000 | മാനസിക ശാരീരിക | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| | | 700000 | മിൽക്ക് ഇൻസന്റീവ് | 700000 | 0 |
| | | 102000 | കതിരണിയും പാടം നെൽകൃഷി | 300000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | 207/09 /ത.സ്വ.ഭ.വ., തീയതി : 07/11/2009, 306/09 /ത.സ്വ.ഭ.വ., തീയതി : 7/12/11 | 13996500 | 2836648 | 1000000 | | 1836648 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2220167 |
| തൻവർഷം നിക്ഷേപിച്ച തുക | 209966 |
| ആകെ | 2430133 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2430133 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇഎംഎസ് ആശുപത്രി പേരാമ്പ്ര ഷെയർ | | - | 10000 | |
| 2 | കൽപത്തൂർ സർവ്വീസ് സഹകരണ ബാങ്ക് | | | 2420133 | |
| ആകെ | | | | 2430133 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 4.1.5 | 2014-15 | 4.1.5 | 2006-07 ൽ 407782/- രൂപ ചെലവിൽ പണിത വനിതാ കാന്റീൻ കെട്ടിടം ഉപയോഗമില്ലാതെ ചോരുന്ന നിലയിൽ കാണപ്പെട്ടു. | നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## **4-9** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 63531499.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64964601.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 45420 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 248200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2532652 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | 45420 | - | അജിത്ത് കുമാർ, അസി.എഞ്ചിനീയർ |
| 3-4 | - | 248200 | സ്വരൂപ് പി എസ്, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 91800 | സ്വരൂപ് പി എസ്, കൃഷി ഓഫീസർ |
| 3-5 | 1600000 | ഷിജിന.എ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-6 | 141700 | ഗിരിജ.വി.കെ, അസി. സെക്രട്ടറി |
| 3-8 | 680000 | ഡോ.വിജിത.സി, വെറ്ററിനറി സർജൻ |
| 3-15 | 19152 | ഡോ.വിജിത.സി, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| അജിത്ത് കുമാർ,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നൊച്ചാട്<br>ഗ്രാമപഞ്ചായത്ത് | എടച്ചേരിമറ്റം<br>(ഹൗസ്)<br>ഇരുമ്പായം പി. ഒ<br>വൈക്കം 686605 |
| സ്വരൂപ് പി എസ്,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, നൊച്ചാട്<br>ഗ്രാമപഞ്ചായത്ത് | എല്ലുക്കണ്ടി,<br>ഊരള്ളൂർ പിഒ<br>673620 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ. | 3<br>(32,33,34) |

| | | |
|---|---|---|
| | ഡി.പി8/2540/18<br>തീ.30.04.2018 | |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.<br>ഡി.പി8/2540/18<br>തീ.30.04.2018 | 4<br>(3,5,6,7) |
| 2002-03 | കെ.എസ്.എ.കെ.കെ.<br>ഡി.പി8/2540/18<br>തീ.30.04.2018 | 1<br>(3-7) |
| 2005-06 | കെ.എസ്.എ.കെ.കെ.<br>ഡി.പി8/2540/18<br>തീ.30.04.2018 | 7<br>3-2,3-3(എ,ബി), 3-4,3-5എ,3-7 |
| 2006-07 | കെ.എസ്.എ.കെ.കെ.<br>ഡി.പി8/2540/18<br>തീ.30.04.2018 | 11<br>(3-2,3-5(1,2,3), 3-7(2), 3-8,3-10, 3-11(3,4) 3-12(2,3), |
| 2007-08 | കെ.എസ്.എ.കെ.കെ.<br>ഡി.പി8/2540/18<br>തീ.30.04.2018 | 19<br>(2-4, 2-9,2-10,2-11, 2-13, 3-2,3-3, 3-4, 3-5, 3-7, 3-8, 3-10, 3-12, 3-13, 3-15,3-16, 3-17, 3-18, 3-19, |
| 2008-09 | കെ.എസ്.എ.കെ.കെ.<br>ഡി.പി8/2540/18<br>തീ.30.04.2018 | 6<br>3-1, 3-3, 3-4, 3-5, 3-6, 3-8 |
| 2009-10 | കെ.എസ്.എ.കെ.കെ.<br>ഡി.പി8/2540/18<br>തീ.30.04.2018 | 5<br>3-1, 3-3, 3-4, 3-5, 3-8, |

| | | |
|---|---|---|
| 2010-11,2011-12 | എൽ എഫ് കെ കെ ഡി/പി4/1232/15 18.2.16 | 12<br>2-1, 2-2, 3-2, 3-3, 3-4, 3-7, 3-9, 3-11, 3-12, 3-16, 3-20, 3-22, 3-25 |
| 2012-13,2013-14 | എൽ എഫ് കെ കെ ഡി/പി4/1231/15 18.02.2016 | 16<br>2-1,2-2, 3-2, 3-3, 3-4,3-5,3-6 3-7, 3-10(1), 3-10(2), 3-12, 3-15, 3-16, 3-17, 3-20, 4-1 |
| 2014-15 | കെ എസ് എ കെ കെ ഡി/പി8/2329/ 17 19.2.18 | 6<br>2-1(1),2-2, 3-1,3-2,3-4,3-5 |
| 2015-16 | *കെ എസ് എ കെ.കെ.ഡി/പി 4/2098/2016 തീ.5.5.17* | 36<br>2-1,2-2,2-3,2-4,2-5,2-6,2-7,2-8<br>3-1,3-2,3-3,3-4,3-5,3-6,3-7,3-8<br>3-9,3-10,3-11,3-12,3-13,3-14,<br>3-15,3-16,3-17,3-18,3-19,3-20,<br>3-21,3-22,3-23,3-24,3-25,3-26,<br>3-27,3-28 |
| 2016-17 | *കെ എസ് എ കെ.കെ.ഡി/പി 4/1819/2017 തീ.19.2.18* | *24<br>2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-18, 3-19, 3-20, 3-21* |

.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നൊച്ചാട് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്